# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **ഡൽഹി മുഖ്യമന്ത്രിയായി രേഖ ഗുപ്ത ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.**

Rekha Gupta will take oath as Delhi Chief Minister today. Prime Minister Narendra Modi, Home Minister Amit Shah, Defence Minister Rajnath Singh and other dignitaries will attend the ceremony.

2). **ജൊഹാനസ്ബർഗിൽ നടക്കുന്ന ജി- 20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ ഡോ എസ് ജയ്ശങ്കർ ഇന്ന് ദക്ഷിണാഫ്രിക്കയിൽ.**

Dr S Jaishankar in South Africa today to attend the G-20 Foreign Ministers' meeting in Johannesburg.

3). **വിദേശകാര്യ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 9-ാമത് ഏഷ്യ സാമ്പത്തിക സംവാദത്തിന് ഇന്ന് പൂനെയിൽ തുടക്കമാകും.**

9th Asia Economic Dialogue to Begin in Pune today.

4). **ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ടിൻറെ പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡയും കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗും ചേർന്ന് നിർവ്വഹിക്കും.**

**Union Health Minister J.P. Nadda and Union Minister of State Jitendra Singh will jointly inaugurate the new building of the Sree Chitra Thirunal Institute.**

5). **യുജിസി കരട് ചട്ടങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ദേശീയ കൺവെൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

**Chief Minister Pinarayi Vijayan will inaugurate the national convention on the draft UGC regulations today.**

6). **ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഉദ്ഘാടന മത്സരത്തിൽ പാകിസ്ഥാനെതിരെ ന്യൂസിലൻഡിന് ജയം.**

**India to takes on Bangladesh in the Champions Trophy cricket today. New Zealand defeated Pakistan in the opening match.**

==================================================

## DELHI-CM - (INTRO)

ഡൽഹിയുടെ പുതിയ മുഖ്യമന്ത്രിയായി രേഖ ഗുപ്ത ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഡൽഹിയിലെ രാംലീല മൈതാനിയിൽ ഉച്ചയ്ക്ക് 12:35 ന് ലെഫ്റ്റനൻറ് ഗവർണർ വിനയ് കുമാർ സക്സേന സത്യവാചകം ചൊല്ലിക്കൊടുക്കും.ഒരു സാധാരണ കുടുംബത്തിലെ അംഗമായ തന്നെ മുഖ്യമന്ത്രിയായി തിരഞ്ഞെടുത്തത് എല്ലാ വനിതകൾക്കും ഉള്ള അംഗീകാരമാണെന്ന് ശ്രീമതി രേഖ പറഞ്ഞു.

**(BYTE...................)**

പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.20 സംസ്ഥാനങ്ങളിലെ എൻ ഡി എ മുഖ്യമന്ത്രിമാരെയും ഉപമുഖ്യമന്ത്രിമാരെയും ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ട്. മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെയും കാവൽ മുഖ്യമന്ത്രി അതിഷിയെയും, ദില്ലി കോൺഗ്രസ് അധ്യക്ഷൻ ദേവേന്ദ്ര യാദവിനെയും

സത്യപ്രതിജ്ഞയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. ഇന്നലെ വൈകുന്നേരം നടന്ന ബിജെപി നിയമസഭാ കക്ഷി യോഗമാണ് രേഖ ഗുപ്തയെ തിരഞ്ഞെടുത്തത്.

==============================================

## JAISHANKAR-SOUTH AFRICA

ജൊഹാനസ്ബർഗിൽ നടക്കുന്ന ജി- 20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ ശ്രീ എസ് ജയ്ശങ്കർ ഇന്ന് ദക്ഷിണാഫ്രിക്കയിലെത്തും. രണ്ട് ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായി ഉഭയകക്ഷി ചർച്ചകളിലും ശ്രീ ജയ് ശങ്കർ പങ്കെടുക്കും. ദക്ഷിണാഫ്രിക്കൻ വിദേശകാര്യ മന്ത്രി റൊണാൾഡ് ലാമോളയുടെ ക്ഷണപ്രകാരമാണ് സന്ദർശനം.

==============================================

## ASIA ECONOMIC DIALOGUE - (INTRO)

9-ാമത് ഏഷ്യ സാമ്പത്തിക സംവാദം മഹാരാഷ്ട്രയിലെ പൂനെയിൽ ഇന്ന് ആരംഭിക്കും . ഭൗമ സാമ്പത്തിക മേഖലയെ കുറിച്ച് വിദേശകാര്യ മന്ത്രാലയത്തിൻറെ വാർഷിക സംവാദമാണ് ഏഷ്യൻ ഇക്കോണമിക് ഡയലോഗ്.

**വിശദാംശങ്ങൾ...**

**(VOICE...............)**

പൂനെ ഇൻറർ നാഷണൽ സെൻററുമായി സഹകരിച്ചാണ് മൂന്ന് ദിവസത്തെ ഏഷ്യൻ ഇക്കോണമിക് ഡയലോഗ് സംഘടിപ്പിക്കുന്നത്. "വിഭജന കാലഘട്ടത്തിലെ സാമ്പത്തിക പ്രതിരോധവും പുനരുജ്ജീവനവും" എന്നതാണ് ഈ വർഷത്തെ പ്രമേയം. നിർമ്മിതബുദ്ധി , ഓട്ടോമേഷൻ, സൈബർ സുരക്ഷയുടെ സാമ്പത്തിക അനിവാര്യത, ഇന്ത്യൻ മഹാസമുദ്ര മേഖലയിലുൾപ്പെടെയുള്ള സാമ്പത്തിക വശങ്ങൾ എന്നിവയുൾപ്പെടെ സമകാലിക വിഷയങ്ങൾ ചർച്ചയാകും .സാമ്പത്തിക സങ്കീർണ്ണതകൾ , പ്രതിരോധ- പുനരുജ്ജീവന പ്രവർത്തനങ്ങൾ എന്നിവ

കണ്ടെത്തുന്നതും സമ്മേളനത്തിൻറെ ലക്ഷ്യമാണ്.

രാജ്യത്തും വിദേശത്തും നിന്നുള്ള രാഷ്ട്രീയ നേതാക്കൾ മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, അക്കാദമിക - നയരൂപീകരണ-വ്യവസായ വിദഗ്ധർ എന്നിവർ സംവാദത്തിൽ പങ്കു ചേരും.
ന്യൂസ് ഡെസ്ക്, ആകാശവാണി..

==========================================

## RBI - ECONOMIC MOMENTUM

2024-25 സാമ്പത്തിക വർഷത്തെ രണ്ടാം പകുതിയിൽ സാമ്പത്തിക മേഖലയിൽ രാജ്യം മികച്ച മുന്നേറ്റം നടത്തിയതായും ഇത് തുടരുമെന്നും റിസേർവ് ബാങ്ക്. ചില്ലറ പണപ്പെരുപ്പം അഞ്ച് മാസത്തെ ഏറ്റവും കുറഞ്ഞ നിലയിലായെന്നും ആർബിഐ യുടെ പ്രതിമാസ ബുള്ളറ്റിനിൽ ചൂണ്ടിക്കാട്ടി. 2025 ജനുവരിയിൽ പണപ്പെരുപ്പം 4.3 ശതമാനമായാണ് കുറഞ്ഞത്.

==========================================

## SOUL LEADERSHIP CONCLAVE

സോൾ ലീഡർഷിപ്പ് കോൺക്ലേവിൻറെ ആദ്യ പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടിയിൽ ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ് ഗെ മുഖ്യപ്രഭാഷണം നടത്തും. രാഷ്ട്രീയം, കായികം, കല, മാധ്യമം, ആത്മീയം, പൊതുനയം, ബിസിനസ്സ്, സാമൂഹികം തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ളവർ പ്രചോദനാത്മകമായ ജീവിത യാത്രകൾ പങ്കിടും. പരാജയങ്ങളിൽ നിന്നും വിജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാൻ യുവ പ്രേക്ഷകരെ പ്രചോദിപ്പിക്കുന്നതിനാണ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്.

==========================================

## DR. JITENDRA SINGH

ഉപഗ്രഹ വിക്ഷേപണങ്ങൾക്ക് ഇഷ്ട കേന്ദ്രമായി രാജ്യം മാറിയതായി കേന്ദ്ര മന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ഇതുവരെ 433 വിദേശ ഉപഗ്രഹങ്ങൾ വിജയകരമായി വിക്ഷേപിച്ചു. 396 എണ്ണം കഴിഞ്ഞ ദശകത്തിലാണ് വിക്ഷേപിച്ചത്. നാസ ഉൾപ്പെടെയുള്ള ലോകത്തിലെ മുൻനിര ബഹിരാകാശ ഏജൻസികൾ ഇപ്പോൾ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ നിന്നുള്ള ഇന്ത്യയുടെ കണ്ടെത്തലുകൾക്കായി കാത്തിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു. 2047 ആകുമ്പോഴേക്കും 100 ജിഗാവാട്ട് ആണവോർജ്ജം എന്ന ലക്ഷ്യം രാജ്യം നിശ്ചയിച്ചിട്ടുണ്ടെന്നും കാർബൺ ബഹിർഗമനം 50 ശതമാനം കുറയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

==================================================

## MAHA KUMBH

പ്രയാഗ്‌രാജിൽ നടക്കുന്ന മഹാകുംഭമേളയിൽ ഇന്നലെ 1.08 കോടിയിലധികം തീർത്ഥാടകർ പുണ്യസ്നാനം നടത്തി. ഇതുവരെ 56.64 കോടിയിലധികം തീർത്ഥാടകരാണ് പുണ്യസ്നാനം നിർവ്വഹിച്ചത്. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ, കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി, യുപി കോൺഗ്രസ് അധ്യക്ഷൻ അജയ് റായ് തുടങ്ങിയവർ കുംഭമേളയിൽ പങ്കെടുത്തു. വർദ്ധിച്ചുവരുന്ന സന്ദർശകരെ ഉൾക്കൊള്ളുന്നതിനായി പ്രയാഗ്‌രാജ് ടെർമിനൽ വികസിപ്പിച്ചിട്ടുണ്ടെന്ന് കുംഭമേളയ്ക്കെത്തിയ കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു അറിയിച്ചു.

==================================================

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് ഈ മാസം 23-ന്. മൻകി ബാത്തിൻറെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ നിലയങ്ങളിലും പരിപാടി തത്സമയം ലഭ്യമാകും.

==================================================

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==============================================

**UGC CONCLAVE**

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിൻറെ ആഭിമുഖ്യത്തിൽ യുജിസി കരട് ചട്ടങ്ങൾ സംബന്ധിച്ച ദേശീയ കൺവെൻഷൻ ഇന്ന് തിരുവനന്തപുരത്ത് ചേരും. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദുവിൻ്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ലുവും കർണാടക, തമിഴ്നാട് ഉന്നതവിദ്യാഭ്യാസ മന്ത്രിമാരായ ഡോ. എം സി സുധാകർ, ഡോ. ഗോവി ചെഴിയാൻ എന്നിവരും പങ്കെടുക്കും. റവന്യൂ മന്ത്രി കെ. രാജൻ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തും.

==============================================

**SREECHITRA MINISTERS – (INTRO)**

ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ടിൻറെ പുതിയ മന്ദിരത്തിൻറെ ഉദ്ഘാടനം കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡയും കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗും ചേർന്ന് നിർവ്വഹിക്കും.
ശ്രീ ജെ പി നഡ്ഡ ഓൺലൈനായി പങ്കെടുക്കും. രാവിലെ 10 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി, മന്ത്രി വീണാ ജോർജ്, ശശി തരൂർ എം.പി എന്നിവരും പങ്കെടുക്കും.

**വിശദാംശങ്ങളിലേക്ക്....**

**(VOICE.......)**

ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജിലെ പുതിയ പുതിയ മന്ദിരത്തിന് ഇപ്പോഴുള്ള മൂന്ന് കെട്ടിടങ്ങളെക്കാൾ വലിപ്പമുണ്ട്. ആകെ 2.70 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണവും 9 നിലകളുമുണ്ട്. ശ്രീചിത്രയിൽ ആദ്യമായി പേവാർഡ് സൗകര്യം ഈ കെട്ടിടത്തിൽ ഏർപ്പെടുത്തും. പുതിയ കെട്ടിടത്തിലെ 170 കിടക്കകളിൽ 40 എണ്ണം പേവാർഡായി ഉപയോഗിക്കും. പഴയ കെട്ടിട സമുച്ചയവുമായി ബന്ധിപ്പിച്ച ആകാശപാതയും സജ്ജമാക്കിയിട്ടുണ്ട്. പൂർണ്ണമായി പ്രവർത്തന സജ്ജമാകുമ്പോൾ ഒൻപത് ഓപ്പറേഷൻ തിയേറ്ററുകൾ, എം.ആർഐ ആൻറ് സിടി സ്കാൻ വിഭാഗം, മൂന്ന് കാത്ത് ലാബുകൾ, സ് ലീപ് സ്റ്റഡി യൂണിറ്റ്, എക്കോ കാർഡിയോഗ്രഫി സ്യൂട്ട്, നോൺ-ഇൻവേസീവ് കാർഡിയോളജി ഇവാല്യുവേഷൻ സ്യൂട്ട് എന്നിവയും ഉണ്ടാകും. പുതിയ കെട്ടിടത്തിൽ ജൻ ഔഷധി കേന്ദ്രം ആരംഭിക്കും. ന്യൂസ് ഡെസ്ക്, ആകാശവാണി.....

==============================================

**INVEST KERALA**

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് നാളെ കൊച്ചിയിൽ തുടക്കമാകും. രണ്ടുദിവസത്തെ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഓൺലൈനായി അഭിസംബോധന ചെയ്യും. കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, ജയന്ത് ചൗധരി, പ്രതിപക്ഷനേതാവ് വി ഡി സതീശൻ, നോർക്ക റൂട്ട്സ് ചെയർമാൻ എം എ യൂസഫലി, വിദേശ പ്രതിനിധികൾ ഉൾപ്പെടെ 3000-ത്തോളം പേർ ഉച്ചകോടിയിൽ പങ്കെടുക്കും.

==============================================

## CHAMPIONS TROPHY CRICKET

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഉച്ചയ്ക്ക് 2.30 ന് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ ന്യൂസിലൻഡ് പാക്കിസ്ഥാനെ 60 റൺസിന് തോൽപിച്ചു. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത കിവീസ് നിശ്ചിത 50 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 320 റൺസെടുത്തിരുന്നു. മറുപടി ബാറ്റിംഗിൽ പാക്കിസ്ഥാൻ 47.2 ഓവറിൽ 260 റൺസെടുക്കുന്നതിനിടെ എല്ലാവരും പുറത്തായി.

==========================================

## RANJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ കേരളത്തിനെതിരെ ഗുജറാത്ത് മികച്ച സ്കോറിലേക്ക്. മൂന്നാം ദിവസം കളി നിർത്തുമ്പോൾ ഗുജറാത്ത് ആദ്യ ഇന്നിംഗ്സിൽ ഒരു വിക്കറ്റിന് 222 റൺസ് എന്ന നിലയിലാണ്. കേരളത്തിൻറെ ഒന്നാം ഇന്നിംഗ്സ് 457 റൺസിന് അവസാനിച്ചിരുന്നു. കേരളത്തിനായി മുഹമ്മദ് അസ്ഹറുദ്ദീൻ സെഞ്ച്വറി നേടി.

==========================================

## NATIONAL PARALYMPICS

ദേശീയ പാരാലിമ്പിക് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ രാജ്യത്തെ പാരാ അത്‌ലറ്റുകൾ മികച്ച പ്രകടനം കാഴ്ചവച്ചു. തമിഴ്നാട് കായിക വികസന അതോറിറ്റിയും , തമിഴ്നാട് പാരാലിമ്പിക് സ്പോർട്സ് അസോസിയേഷനും ചേർന്ന് സംഘടിപ്പിച്ച 3 ദിവസത്തെ ചാമ്പ്യൻഷിപ് ഇന്ന് സമാപിക്കും. രാജ്യത്തെ 1,476 പാരാ അത്‌ലറ്റുകൾ 155 ഇനങ്ങളിലായി മത്സരിച്ചു. ഈ വർഷത്തെ ലോക ചാമ്പ്യൻഷിപ്പ് സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 5 വരെ ഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. 15 പുതിയ ഇനങ്ങൾ ഉൾപ്പെടെ 186 ഇനങ്ങളിലായാണ് മത്സരങ്ങൾ .

============

=====================

===================================